**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1087** **13/12/2012 -ൽ മറുപടിക്ക്**

# സമഗ്ര വിദ്യാഭ്യാസ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എം. ആരിഫ് | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഇതുവരെ എത്ര നിയോജക മണ്ഡലങ്ങളെയാണ് ഉൾപ്പെടുത്തി യിട്ടുള്ളത്; ഇതിനായി പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; | (എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഇതുവരെ 35 നിയോജക മണ്ഡലങ്ങളെ ഉൾപ്പെടുത്തി യിട്ടുണ്ട്. പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടില്ല. എം.എൽ.എ.മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ / എസ്.എസ്.എ ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധന സ്രോതസ്സുകൾ വിനിയോഗിച്ച് പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കു ന്നത്. |
| (ബി) വിദ്യാലയങ്ങളിൽ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്നുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തി യിട്ടുള്ളതെന്നും നോഡൽ ഏജൻസി ഏതാണെന്നും വ്യക്ത മാക്കുമോ ? | (ബി) പദ്ധതിയുടെ നടത്തിപ്പിനായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി സംസ്ഥാന തല സമിതിയും, എം.എൽ.എ. ചെയർമാനായി നിയോജക മണ്ഡലംതല നിർവ്വഹണ സമിതിയും, മുനിസിപ്പൽ/ പഞ്ചായത്ത്തല നിർവ്വഹണ സമിതികളും രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ മാർഗ്ഗരേഖ (Guideline) പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ